തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-753/2013/സിഇ/തസ്വഭവ** **തീയതി 29/01/2021**

# പരിപത്രം

വിഷയം : ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖാന്തിരം ബിൽ മാറുന്നത് — വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :
1) 21.10.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം നം. 3.2
2) ഈ കാര്യാലയത്തിലെ 04.01.2021-ലെ ഇതേ നമ്പർ പരിപത്രം
3) 07.01.2021-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തുടർനടപടി ഇനം 2.4(3.2)

സൂചന (1)-ലെ നിർദ്ദേശാനുസരണം സൂചന (2)-ലെ പരിപത്രം പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം അവലംബിക്കുന്നുണ്ടെങ്കിൽ ആയതിനെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് നൽകുന്നതിലേയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്, ആയതിന്റെ പകർപ്പ് അറിവിലേയ്ക്കായി ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിന് നൽകിയിരുന്നു. കൂടാതെ സസ്പെൻസ് ഹെഡിലേയ്ക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ടെങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ / ഗ്രാമവികസന കമ്മീഷണർ എന്നിവർ മുഖേന ധനവകുപ്പിന് നൽകുന്നതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു.

തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള ടി സൂചന (3) പ്രകാരം ടി ക്രോഡീകരിച്ച് അടിയന്തിരമായി സമർപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരിക്കുകയാണ്. ടി വിവരങ്ങൾ എല്ലാ തസ്വഭവ സ്ഥാപനങ്ങളിലേയും LID & EW കാര്യാലയങ്ങളിൽ നിന്നും ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ "Proforma" Page-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള **Proforma P-1095-ൽ 02.02.2021-ന്** മുൻപായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തിൽ ശേഖരിച്ച് Proforma-യിൽ രേഖപ്പെടുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

P 128